police had to interfere in 524 such cases. All these cases were duly registered.

(c) Such cases will take their own normal course in the court of law. On request of parties to the dispute for withdrawal of cases, decision is taken on merits of each to withdraw such cases with the leave of the courts.

പുതുതായി സ്ഥാപിച്ച ഫയർ സ്റ്റേഷനുകൾ

* 135 [137] ശ്രീ. കെ. പി. പ്രഭാകരൻ:
,, പി. കുമാരൻ
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു;

(ബി) എവിടെയെല്ലാം;

(സി) ഈ വർഷം പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) 9 എണ്ണം. ചിറ്റൂർ, ഷൊർണ്ണൂർ, മലപ്പുറം കുണ്ടറ, പാല, ചേർത്തല, പെരുമ്പാവൂർ, തൊടുപുഴ, കട്ടപ്പന.

(സി) ഉണ്ട്.

(ഡി) മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിക്കഴിഞ്ഞ കൽപ്പറ്റ, ആറിങ്ങൽ, അങ്കമാലി, എന്നീ സ്ഥലങ്ങളിലും, ഭരണാനുമതി നൽകിയിട്ടില്ലാത്ത ഗുരുവായൂർ, പയ്യന്നൂർ എന്നീ സ്ഥലങ്ങളിലും ഫയർസ്റ്റേഷൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

കേരളത്തിൽ സ്ഥിരതാമസമാക്കിയ പാക്കിസ്ഥാൻകാർ

* 136 [138] ശ്രീ. ലോനപ്പൻ നമ്പാടൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസയോടുകൂടി വന്ന് കാലാവധിക്കുശേഷം മടങ്ങിപ്പോകാതെ കേരളത്തിൽ സ്ഥിരതാമസമാക്കിയ എത്ര പാക്കിസ്ഥാൻകാർ ഉണ്ട്:

(ബി) ഇവരിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, വയനാട്, എന്നീ ജില്ലകളിൽ മാത്രമായി എത്ര പേരുണ്ട്;

(സി) നിയമവിരുദ്ധമായി കേരളത്തിൽ താമസിക്കുന്ന ഈ പാക്കിസ്ഥാൻകാരെ കണ്ടുപിടിച്ച് മടക്കി അയക്കാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു,

(ഡി) ഇവർ ഇന്ത്യയിൽ ചാരപ്രവർത്തനം, കള്ളക്കടത്ത്, കലാപങ്ങൾ എന്നിവ നടത്തുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 142

(ബി)

മലപ്പുറം	63
കോഴിക്കോട്	20
കണ്ണൂർ	44
പാലക്കാട്	3
വയനാട്	1
ആകെ	131

(സി) ഏ വിഭാഗത്തിന്റെ ഉത്തരത്തിൽ നിയമവിധേയമായി താമസിക്കുന്ന 142 പേർക്ക് പുറമേ ഏതാനും പാക്കിസ്ഥാൻകാർ അനധികൃതമായി കേരളത്തിൽ താമസിക്കുന്നുണ്ട്. ഇവരിൽ മിക്കവാറും പേർ ഒളിവിലാണ്. ഇവരെ കണ്ടുപിടിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് 26-1-86-ന് ഒരു സ്പെഷ്യൽ ഡ്രൈവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സ്പെഷ്യൽ ഡ്രൈവിന്റെ ഫലത്തെ സംബന്ധിച്ച വിശദവിവരം ശേഖരിച്ചുവരുന്നു.

(ഡി). ഇല്ല.

മഹാജൻ കമ്മീഷന്റെ റിപ്പോർട്ട്

* 137 [139] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാജൻ കമ്മീഷന്റെ റിപ്പോർട്ടിൻമേൽ കേരള ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കാസർകോട് ജില്ലയിലെ ചില പ്രദേശങ്ങളിൻമേൽ പല അവകാശവാദങ്ങളും കർണ്ണാടക ഗവൺമെന്റ് ഉന്നയിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ചന്ദ്രഗിരിപ്പുഴക്കും പയസ്വിനിപ്പുഴക്കും വടക്കുള്ള 71 വില്ലേജുകളെ സംബന്ധിച്ച് മഹാജൻ കമ്മീഷന്റെ ശുപാർശകൾ അതിർത്തി നിർണ്ണയിക്കുന്നതു സംബന്ധിച്ച് സ്റ്റേറ്റ് റീഓർഗനൈസേഷൻ കമ്മീഷൻ സ്വീകരിച്ച അടിസ്ഥാന സമീപനങ്ങൾക്കെതിരാണെന്നും ഈ സംസ്ഥാനത്ത് ഒരു ജനകീയ ഗവൺമെന്റ് ഇല്ലാതിരുന്ന കാലത്ത് മഹാജൻ കമ്മീഷൻ എടുത്ത സമീപനം ഏകപക്ഷീയമാണെന്നും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേരളവും കർണ്ണാടകവും തമ്മിൽ യാതൊരു അതിർത്തിതർക്കവും ഇല്ലെന്നുമാണ് ഈ ഗവൺമെന്റിന്റെ നിലപാട്.

(ബി) ഇക്കാര്യത്തിലുള്ള ഈ ഗവൺമെന്റിന്റെ നിലപാടു വ്യക്തമാക്കി 1985 മേയ് മാസത്തിൽ കർണ്ണാടക മുഖ്യമന്ത്രിക്ക് ഒരു കത്തയച്ചതിനുശേഷം ആ ഗവൺമെന്റ് ഒരവകാശവാദവും ഉന്നയിക്കുകയുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly